# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **162**      **25/03/2013**-ലെ മറുപടിക്ക്

## അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സംവിധാനം

| ചോദ്യം | മറുപടി. |
| --- | --- |
| ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:<br>,, എം. ചന്ദ്രൻ :<br>,, ബി. ഡി. ദേവസ്സി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സർക്കാർ വകുപ്പുകളിൽ വർദ്ധിച്ചു വരുന്ന ക്രമക്കേടുകളും അഴിമതികളും തടയാൻ നിലവിലുള്ള വിജിലൻസ് സംവിധാനം എത്രത്തോളം പര്യാപ്തമാണെന്ന് വ്യക്തമാക്കുമോ; | എ) സർക്കാർ വകുപ്പുകളിലെ ക്രമക്കേടുകളും അഴിമതികളും സംബന്ധിച്ച അന്വേഷണം നടത്തുന്നതിന് നിലവിലുള്ള വിജിലൻസ് സംവിധാനം പര്യാപ്തമാണ്. |
| ബി) വകുപ്പുകളിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ തയ്യാറാകുമോ; | ബി) വകുപ്പുകളിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ വകുപ്പുതല വിജിലൻസ് ഓഫീസർമാർക്ക് പ്രത്യേകം പരിശീലനം നൽകാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചു വരുന്നു. |

.........2

സി) സർക്കാർ വകുപ്പുകളിലും പൊതു മേഖലാ സ്ഥാപനങ്ങളിലും രൂപീകരിച്ച വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം വിശദമാക്കുമോ?

11/06/1997-ലെ സ. ഉ.(നം) 34/97/വിജി പ്രകാരം എല്ലാ സർക്കാർ വകുപ്പുകളിലും പൊതു മേഖലാ സ്ഥാപനങ്ങളിലും ഒരു വിജിലൻസ് ഓഫിസറുടെ നേതൃത്വത്തിൽ വിജിലൻസ് സെൽ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വകുപ്പുകളിലും സ്ഥാപനങ്ങളിലും അഴിമതി നിരോധന നിയമത്തിൽപ്പെടാത്തതായ ക്രമക്കേടുകളോ സ്വഭാവ ദൂഷ്യമോ ഉൾപ്പെടുന്ന ആരോപണങ്ങൾ അന്വേഷിക്കേണ്ട ചുമതല അതതു വിജിലൻസ് സെല്ലുകൾക്കാണ്. അപ്രകാരം നടത്തുന്ന അന്വേഷണത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിക്കേണ്ടതാണെന്നു ബോദ്ധ്യപ്പെട്ടാൽ അവ വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിപ്പിക്കാവുന്നതാണ്. വകുപ്പുതല വിജിലൻസ് സെല്ലുകൾക്ക് വകുപ്പിന്റെ കീഴിൽ ഉള്ള ഓഫീസുകൾ, പ്രോജക്ടുകൾ മുതലായവയിൽ മിന്നൽ പരിശോധന നടത്താനും, അപ്രകാരം നടത്തുന്ന അന്വേഷണങ്ങളിൽ ആരോപണങ്ങൾ വസ്തുതാപരമാണെന്നു കണ്ടാൽ വകുപ്പുതല അച്ചടക്കനടപടികൾക്ക് ശുപാർശ ചെയ്യാനും അധികാരം ഉണ്ട്.

സെക്ഷൻ ഓഫീസർ